**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6074** **09-11-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർഷം മുഴവൻ കർഷകർക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | വർഷം മുഴവൻ കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് സാധ്യത ഉള്ളസ്ഥലങ്ങളിൽ കൃഷിവകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി മുഖേന ഏറ്റെടുത്തു നടപ്പിലാക്കി വരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | തുള്ളി നന പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | (ബി) | തുള്ളിനന പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ പദ്ധതികൾക്കായി കൃഷിയിടങ്ങൾ കണ്ടെത്തുന്നതിനും കൃഷിവകുപ്പുമായി ചേർന്ന് ബ്ലോക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും യോഗങ്ങൾ ചേർന്ന് കർഷക കൂട്ടായ്മയിൽ ആണ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി അതാത് ജില്ലകളിലെ ചെറുകിടജലസേചന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കൃഷി ഓഫീസർമാരെയും യഥാക്രമം ജല വിഭവവകുപ്പും, കൃഷിവകുപ്പും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഈ നൂതന പദ്ധതിയുടെ പ്രയോജനവും ഇത്തരം ജലസേചനം നടപ്പിലാക്കുന്നതിലൂടെ കർഷകർക്കുണ്ടാകുന്ന നേട്ടങ്ങളും ജലസംരക്ഷണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കി കൊടുക്കാൻ സാധ്യമാകുന്നുണ്ട്. കർഷകസഹകാരികളുടെയും കർഷക കൂട്ടായ്മകളുടെയും ഉന്നമനത്തിനായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് 2021-22 ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. അന്തരിച്ച ശ്രീ.കെ.എം.മാണിയുടെ ഓർമ്മ യ്ക്കായി ഒരു |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി ബേസ്ഡ് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷന്റെ സാദ്ധ്യതകൾ മൈക്രോ ഇറിഗേഷന്റെ വിദ്യകളുമായി ഉൾ ച്ചേർക്കുകയാണ് പ്രധാന ലക്ഷ്യം. നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ ആൻഡ് പോളിസി റിസേർച്ചിന്റെ (എൻ.സി.എ.പി.) പഠനം അനുസരിച്ച് കേരളത്തിൽ ഏകദേശം 2.70 ലക്ഷം ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അയകട്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കർഷകരുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പും കെ.ഐ.ഐ.ഡി.സി-യും ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**ജലസേചന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി KIIDC മുഖേന താഴെ പറയുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു.**

## 1. കരടിപ്പാറ പദ്ധതി-(സ്റ്റേറ്റ് പ്ലാൻ ഫണ്ട്)

പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ കരടിപ്പാറ എൽ.ഐ.എസ്-ൽ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനായി കെ.ഐ.ഐ.ഡി.സി-ക്ക് 4702-00-101-65-01-00-00-പിവി-അക്കൗണ്ട് ഹെഡ് മൈനർ ഇറിഗേഷൻ ക്ലാസ് II ഹരിത കേരളം പ്രകാരം 3.10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. എരുത്തേൻപതി പഞ്ചായത്തിലെ കരടിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ 171 ഏക്കറിൽ ഉള്ള തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നൽകുന്നതിനാണ് ഈ പദ്ധതി. മൂലത്തറ ആർ ബി സി ആണ് ജലസ്രോതസ്സ്. 117 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ട്രയൽ റൺ വിജയകരമായിരുന്നു. മേൽ പറഞ്ഞ പദ്ധതി 08/09/2021-ന് പൂർത്തീകരിച്ചു. ഓപ്പറേഷൻ ആൻഡ് മെയിന്റനെൻസ് മൂന്ന് വർഷകാലത്തേക്കാണ്. അതിനു ശേഷം ഗുണഭോക്താക്കൾ തന്നെ മെയിന്റനെൻസ് ചെയ്യുന്നതിനു വേണ്ടിയുള്ള പരിശീലനം അവർക്ക് നൽകിയിട്ടുണ്ട്.

ഈ പദ്ധതിക്ക് സാങ്കേതിക അനുമതി രണ്ടായി നൽകിയിരിക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 3.1 കോടി | 2.34 കോടി | 100% പൂർത്തിയായി |
| 2 | സിവിൽ ഭാഗം | | 16.41 ലക്ഷം | 100% പൂർത്തിയായി |

## 2. ആർ.കെ.ഐ സ്കീം-ന്റെ കീഴിലുള്ള കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് GO.NO. 239/2021 WRD dated 03/06/2021 പ്രകാരം 21.53 കോടിയുടെ പുതുക്കിയ ഭരണാനുമതി മുങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി, അതിച്ചാൽ -മുണ്ടൻകൊല്ലി പദ്ധതികൾക്കായി നൽകി.

(i) **മുങ്കിൽമട പദ്ധതി**

പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ മൂങ്കിൽമട എന്ന സ്ഥലത്ത് ഏകദേശം 250 ഏക്കർ ഏരിയയിൽ തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാകുന്നതിനുവേണ്ടി 6.79 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 82 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയുടെ നിലവിലെ അവസ്ഥ താഴെപ്പറയുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 6.79 കോടി | 3.32 കോടി | 41% പൂർത്തിയായി |
| 2 | സിവിൽ ഭാഗം | | 1.54 കോടി | 75% പൂർത്തിയായി |

(ii) **വലിയേരി പദ്ധതി**

പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ വലിയേരി എന്ന സ്ഥലത്ത് ഏകദേശം 230 ഏക്കർ ഏരിയയിൽ തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാകുന്നതിനുവേണ്ടി 3.88 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 68 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയുടെ നിലവിലെ അവസ്ഥ താഴെപ്പറയുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 3.88 കോടി | മൈക്രോ ഇറിഗേഷൻ ഭാഗം-3.1 കോടി | 20% പൂർത്തിയായി |
| 2 | സിവിൽ ഭാഗം | | സിവിൽ ഭാഗം-41.77 ലക്ഷം | 25% പൂർത്തിയായി |

(iii) **നാവിതൻകുളം പദ്ധതി**

പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ നാവിതൻകുളം എന്ന സ്ഥലത്ത് ഏകദേശം 125 ഏക്കർ ഏരിയയിൽ തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാകുന്നതിനുവേണ്ടി 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 32 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയുടെ നിലവിലെ അവസ്ഥ താഴെപ്പറയുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 3 കോടി | മൈക്രോ ഇറിഗേഷൻ ഭാഗം-1.63 കോടി | 10% പൂർത്തിയായി. |
| 2 | സിവിൽ ഭാഗം | | സിവിൽ ഭാഗം-65.06 ലക്ഷം | 5% പൂർത്തിയായി. |

(iv) **കുന്നംകാട്ടുപതി പദ്ധതി**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ കുന്നംകാട്ടുപതി എന്ന സ്ഥലത്ത് ഏകദേശം 281 ഏക്കർ ഏരിയയിൽ തെങ്ങ് കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാകുന്നതിനുവേണ്ടി 5.21 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 87 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയുടെ നിലവിലെ അവസ്ഥ താഴെപ്പറയുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 5.21 കോടി | മൈക്രോ ഇറിഗേഷൻ ഭാഗം-4.8 കോടി | സെലക്ഷൻ നോട്ടീസ് നൽകി. |
| 2 | സിവിൽ ഭാഗം | | സിവിൽ ഭാഗം-43.44 ലക്ഷം | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

(v) **അത്തിച്ചാൽ -മുണ്ടൻകൊല്ലി പദ്ധതി**

വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിലെ അത്തിച്ചാൽ എന്ന സ്ഥലത്ത് ഏകദേശം 124 ഏക്കർ ഏരിയയിൽ കാപ്പി കൃഷിക്ക് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി 2.655 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. 102 കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയുടെ നിലവിലെ അവസ്ഥ താഴെപ്പറയുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണ അനുമതി ലഭിച്ച തുക | കരാർ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മൈക്രോ-ഇറിഗേഷൻ ഭാഗം | 2.655 കോടി | മൈക്രോ ഇറിഗേഷൻ ഭാഗം-2.34 കോടി | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 2 | സിവിൽ ഭാഗം | | സിവിൽ ഭാഗം-27.36 ലക്ഷം | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ